പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1283

20.01.2014 ലെ മറുപടിയ്ക്ക്

## വടക്കഞ്ചേരി സബ്ട്രഷറി കെട്ടിട നിർമ്മാണം

—

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കാൻ വടക്കഞ്ചേരി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും ട്രഷറി വകുപ്പിന് ഭൂമി നൽകിയത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത ഭൂമിക്ക് ഉടമസ്ഥാവകാശം കൂടി ലഭിക്കണമെന്ന് ട്രഷറി വകുപ്പ് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ട്രഷറി വകുപ്പിന്റെ കത്ത് പാലക്കാട് ജില്ലാ കളക്ടർക്ക് എന്നാണ് ലഭിച്ചത്; ഇതിന്റെ മറുപടി ട്രഷറി വകുപ്പിന് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) ഉണ്ട്. ട്രഷറി വകുപ്പിന്റെ കത്ത് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ 3.10.12 നാണ് ലഭിച്ചത്. ഇല്ല. |
| സി) പ്രസ്തുത വിഷയത്തിൽ പാലക്കാട് ജില്ലാ കളക്ടർ 11.11.12 ലെ എൽ.ആർ.ജി.9/05/18370/09 നമ്പർ കത്തിലൂടെ എന്ത് നടപടിയാണ് ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടത്; ആയത് ലഭിച്ചുവോ; എങ്കിൽ എന്നാണ് ലഭിച്ചത്; വ്യക്തമാക്കുമോ<br><br>ഡി) പാലക്കാട് ജില്ലാ കളക്ടറുടെ 11.11.2012 ലെ എൽ.ആർ. ജി-9/05/18370/09 നമ്പർ കത്ത് എന്നാണ് തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചത്; തപാൽ നമ്പരും | സി) & ഡി) കൈമാറ്റ നിയമപ്രകാരം ഉടമസ്ഥാവകാശം ബന്ധപ്പെട്ട വകുപ്പിന് നൽകാൻ നിർവ്വാഹമുണ്ടോയെന്നതിന്മേൽ അനന്തര നടപടികൾക്കാണ് പ്രസ്തുത കത്ത് ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിരുന്നത്. ഉണ്ട്. 22.11.2012 ലാണ് പ്രസ്തുത കത്ത് ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ ലഭിച്ചത്. തപാൽ നം.എൽ.ആർ.കെ2.45971/12. കേരള ഫിനാൻഷ്യൽ കോഡ് |

തീയതിയും വ്യക്തമാക്കുമോ; പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

വാല്യം-1 ആർട്ടിക്കിൾ 326 - ൽ സർക്കാർ ഭൂമികളുടെ കൈമാറ്റ നടപടികൾ പ്രതിപാദിക്കുന്നു. സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് ഭൂമിയുടെ വില ഈടാക്കുന്നതോ ഉടമസ്ഥാവകാശം ഏതെങ്കിലും വകുപ്പിനോ കൈമാറാവുന്നതോ അല്ല. സർക്കാർ ഭൂമിയുടെ ഉടസ്ഥാവകാശത്തെ രജിസ്ട്രേഷൻ മുഖാന്തിരമോ റവന്യൂ രേഖകളിൽ മാറ്റം വരുത്തി കൈമാറുവാനോ കഴിയുന്നതല്ല. അതിനാൽ ഉടമസ്ഥാവകാശം വിവിധ വകുപ്പുകൾക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നതിന് നിയമപരമായി യാതൊരു പ്രസക്തിയുമില്ല. കൈമാറ്റത്തിന് വിധേയമാകുന്ന ഭൂമി സർക്കാർ പുറമ്പോക്ക് എന്ന നിർവചനത്തിൽ ഉൾപ്പെടുകയും 1957-ലെ കേരള ഭൂ സംരക്ഷണ നിയമം (1958-ലെ 8-ാം) പ്രകാരം സംരക്ഷിക്കപ്പെടുന്നതും, കേരള ഭൂമി പതിവ് നിയമം, ട്രാൻസ്ഫർ ഓഫ് രജിസ്ട്രി റൂൾ, കേരള ഭൂ നികുതി നിയമം എന്നിവ ബാധകമല്ലാത്തതിനാൽ കൈമാറ്റ നിയമ പ്രകാരം ഉടമസ്ഥാവകാശം ബന്ധപ്പെട്ട വകുപ്പിന് നൽകാൻ നിർവ്വാഹമില്ലാത്തതാണ്.

ഇ) ട്രഷറി വകുപ്പിന്റെ കത്തിന് യഥാ സമയം മറുപടി നൽകുന്നതിൽ റവന്യൂ വകുപ്പിന് വീഴ്ച് പറ്റിയതായി കരുതുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഇ) വീഴ്ച വരുത്തിയിട്ടില്ല.

Vajeem

സെക്ഷൻ ഓഫീസർ